**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 489 — 25.10.2016 -ൽ മറുപടിയ്ക്ക്

## ടൂറിസം വികസനത്തിനും പ്രചരണത്തിനുമായി പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ. പി.ടി.എ. റഹീം : | | ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
| എ) | ടൂറിസം വികസനത്തിനും ടൂറിസം പ്രചരണത്തിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ വികസന പദ്ധതികളുടെയും കർമ്മപരിപാടികളുടെയും വിശദാംശം നൽകുമോ; | എ) | സംസ്ഥാനത്ത് സമഗ്ര ടൂറിസം വികസനത്തിനുള്ള നടപടികളാണ് വകുപ്പ് കൈക്കൊണ്ടു വരുന്നത്. സംസ്ഥാന സർക്കാരിന്റെയും സംസ്ഥാന സർക്കാർ സംരംഭമായ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) ന്റെയും കേന്ദ്ര സർക്കാരിന്റെയും സഹായത്തോടെയുള്ള സമഗ്ര വികസനമാണ് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ വികസിപ്പിക്കുന്ന കേന്ദ്രങ്ങളോടൊപ്പം സ്വകാര്യ സംരംഭകരുടെ പങ്കാളിത്തത്തോടുകൂടിയുള്ള ടൂറിസം പദ്ധതികളും സ്വകാര്യമേഖലയിലുള്ള പദ്ധതികളും വിവക്ഷിക്കുന്നുണ്ട്. ഹോട്ടലുകൾ, കൺവെൻഷൻ സെന്ററുകൾ, ടൂറിസ്റ്റ് ട്രാൻസ്പോർട്ട് സംവിധാനങ്ങൾ, വഴിയോര വിശ്രമകേന്ദ്രങ്ങൾ, ആയുർവേദ കേന്ദ്രങ്ങൾ, ഹൗസ്ബോട്ടുകൾ, ഹോംസ്റ്റേകൾ, അഡ്വഞ്ചർ ടൂറിസം തുടങ്ങി വിവിധ മേഖലകൾ സ്വകാര്യ നിക്ഷേപത്തിന് സാധ്യതയുള്ളതാണ്. പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികൾ വികസിപ്പിക്കുന്നതിന് പ്രധാനമായും ലക്ഷ്യമിടുന്നുണ്ട്. നൂതനമായ പ്രചരണവും-വിപണനവും ഇതിന്റെ ഭാഗമായി ആവിഷ്കരിച്ചുവരുന്നു.<br>ടൂറിസം വികസനത്തിനുവേണ്ടി വിദേശ രാജ്യങ്ങളിൽ സംഘടിപ്പിക്കുന്ന പ്രശസ്തമായ ടൂറിസം മേളകളിൽ പങ്കെടുക്കുന്നത് കൂടാതെ, റോഡ് ഷോകളും B2B മീറ്റിംഗുകളും | |

| | | | |
|---|---|---|---|
| | | | സംഘടിപ്പിച്ചുവരുന്നു. പ്രചരണ പരിപാടികളുടെ ഭാഗമായി അച്ചടി, ദൃശ്യമാധ്യമങ്ങളിൽ കേരളത്തിന്റെ സാന്നിധ്യം അനുഭവപ്പെടുത്തുവാനായി നിരവധി പരസ്യ പ്രചരണ പരിപാടികളും നടത്തിവരുന്നു. ഇവ കൂടാതെ ടൂറിസം രംഗത്തെ പ്രശസ്തരായ മാധ്യമ പ്രവർത്തകരേയും, ബ്ലോഗേഴ്സിനേയും മറ്റും സംസ്ഥാനത്ത് ക്ഷണിച്ചുവരുത്തി നമ്മുടെ ടൂറിസം ഉത്പന്നങ്ങൾ പരിചയപ്പെടുത്തുകയും ചെയ്തു വരുന്നു. |
| ബി) | വിനോദ സഞ്ചാര മേഖലയ്ക്ക് പുതിയ മാനവും ദിശയും നൽകുന്നതിനാവശ്യമായ സഹായം ലഭ്യമാക്കുന്നതിനായി ഉപദേശക സമിതി, വിഷയാധിഷ്ഠിത സൂക്ഷ്മ പരിശോധനാ സമിതി എന്നിവ രൂപീകരിച്ചിട്ടുണ്ടോ; | ബി) | 1.3.2016 ലെ G.O.(Rt) 118/2016/TSM പ്രകാരം ഉപദേശക സമിതിയും, വിഷയാധിഷ്ഠിത സൂക്ഷ്മ പരിശോധനാ സമിതിയും രൂപീകരിച്ചിട്ടുണ്ട്. |
| സി) | ടൂറിസ്റ്റുകളുടെ വരവിലും വിനോദസഞ്ചാരത്തിൽ നിന്നുള്ള വരുമാനത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | സി) | വിദേശരാജ്യങ്ങളിൽ പ്രശസ്തമായ ടൂറിസം മേളകളിൽ പങ്കെടുക്കുന്നത് കൂടാതെ റോഡ്ഷോകളും B2B മീറ്റിംഗുകളും സംഘടിപ്പിച്ചുവരുന്നു. പ്രചരണ പരിപാടികളുടെ ഭാഗമായി അച്ചടി, ദൃശ്യമാധ്യമങ്ങളിൽ കേരള ടൂറിസത്തിന്റെ സാന്നിധ്യം അനുഭവപ്പെടുത്തുവാനായി നിരവധി പരസ്യ പ്രചരണ പരിപാടികളും നടത്തിവരുന്നു. ഇവ കൂടാതെ ടൂറിസം രംഗത്തെ പ്രശസ്തരായ മാധ്യമ പ്രവർത്തകരേയും, ബ്ലോഗേഴ്സിനേയും മറ്റും സംസ്ഥാനത്ത് ക്ഷണിച്ചുവരുത്തി നമ്മുടെ ടൂറിസം ഉത്പന്നങ്ങൾ പരിചയപ്പെടുത്തുകയും ചെയ്തു വരുന്നു. അടുത്ത 5 വർഷം കൊണ്ട് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 50% വർദ്ധിപ്പിക്കുന്നതിനും ഇതിലൂടെ ഈ മേഖലയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്